**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 436** **21-07-2022 - ൽ മറുപടിയ്ക്ക്**

**വീട്ടുവളപ്പിലെ പച്ചക്കറി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ നടത്തിയ സാമ്പിൾ പരിശോധനയിൽ 26 ശതമാനത്തിലധികം പച്ചക്കറി സാമ്പിളുകളിലും ഇക്കോഷോപ്പുകൾ എന്നറിയപ്പെടുന്നവയിൽ നിന്ന് എടുത്തതുൾപ്പെടെ കീടനാശിനിയുടെ അംശം കണ്ടെത്തിയെന്ന് പറയപ്പെടുന്നത് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നതാകയാൽ ഇതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ നടത്തിയ സാമ്പിൾ പരിശോധനയിൽ ഇക്കോഷോപ്പുകളിൽ നിന്നും എടുത്ത പച്ചക്കറി സാമ്പിളുകളിലും കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്.<br><br>ഈ കണ്ടെത്തൽ വീട്ടു വളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നതാകയാൽ സർക്കാർ ഇക്കാര്യം ഗൗരവമായി പരിഗണിക്കുകയും ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളിയാകുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് ബഹു. മുഖ്യമന്ത്രിയുടെ രണ്ടാം 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി ഒരു തുടർ പരിപാടി ജനകീയ ക്യാമ്പയിൻ ആയി ഞങ്ങളും കൃഷിയിലേയ്ക്ക് നടപ്പാക്കി വരികയും ചെയ്യുന്നു .<br><br>കേരളത്തിന് ആവശ്യമായിട്ടുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും നമുക്ക് സ്വന്തമായി ഉത്പാദിപ്പിക്കുവാൻ സാധ്യമാകണം . ഭക്ഷ്യ ധാന്യ ഉല്പന്നങ്ങളുടെ ഉത്പാദനത്തിൽ ലക്ഷ്യം കൈവരിക്കുവാൻ ആവശ്യമായ സ്ഥലവിസ്തൃതി ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ സാധ്യമായ വർദ്ധനവിനും സർക്കാർ ലക്ഷ്യമിടുന്നു . തരിശ് ഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തു കഴിഞ്ഞു. "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിലൂടെ വീട്ടുവളപ്പിലെ കൃഷി വ്യാപിപ്പിക്കുവാൻ സാധ്യമാകും. കൂടാതെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയിൽ കൂടി ഒരു വാർഡിൽ കുറഞ്ഞത് ഒരു കൃഷിക്കൂട്ടം/കർഷക ഗ്രൂപ്പുകൾ, 10000 ഹെക്ടറിൽ ജൈവ കൃഷി വിസ്തൃതി വർദ്ധന, കൃഷി മൂല്യവർദ്ധന |

സംരംഭങ്ങൾ, 140 ഹരിത പോഷക കാർബൺ തുലിത ഗ്രാമങ്ങൾ എന്നീ പദ്ധതികളിലും എത്തിച്ചേരുന്നതോടെ സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യം കൈവരിക്കുവാൻ സാധ്യമാകും.

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് **"സമഗ്ര പച്ചക്കറി വികസന പദ്ധതി"** ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ പിന്തുണയും നൽകിവരുന്നു.

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പി ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി. പദ്ധതി" നടപ്പിലാക്കി വരുന്നു. ഓണത്തിന് ഓരോ ഭവനങ്ങളിലും ആവശ്യംവേണ്ട പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകൾ സൗജന്യമായി കർഷകർക്ക് നൽകുന്നുണ്ട്. ദീർഘകാല പച്ചക്കറി ഇനങ്ങൾ വീട്ടുവളപ്പുകളിൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വർഷം മുഴുവൻ വിഷരഹിത പച്ചക്കറികൾ വീട്ടുവളപ്പിൽ തന്നെ ലഭ്യമാക്കുവാൻ സാധ്യമാകും.

വിദ്യാർത്ഥികളിലൂടെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പ്രോജക്ട് അടിസ്ഥാനത്തിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത വീട്ടുവളപ്പുകളിൽ, മട്ടുപ്പാവുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു വരുന്നു. ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി എന്നീ നൂതന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ യുവാക്കളെയും, വീട്ടമ്മമാരെയും കൃഷിയിലേക്ക് ആകർഷിക്കുവാൻ സാധിക്കുന്നു. ഇതിലൂടെയും വിഷരഹിത പച്ചക്കറികൾ വീട്ടുവളപ്പിൽ ലഭ്യമാകുന്നു. വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് വീട്ടുവളപ്പിൽ പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി എന്ന പദ്ധതി ഘടകം നടപ്പിലാക്കി വരുന്നു. ഇത് വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും, കീടരോഗങ്ങളെ ഒരു പരിധി വരെ കുറയ്ക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകും. |
| (ബി) | നഗര ക്ലസ്റ്ററുകൾ മുഖേന നഗരങ്ങളിലെ പച്ചക്കറി കൃഷി ഫലപ്രദമാക്കുന്നതിന് വിത്തുല്പാദനത്തിനും വിതരണത്തിനും കൃഷിപരിശീലനത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്തു വരുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഓണക്കാലത്ത് ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളെ അമിതമായി ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ ആരംഭിച്ച പദ്ധതി പ്രകാരം കഴിഞ്ഞ വർഷം എത്ര ഉല്പാദനം അധികമായി നേടാൻ കഴിഞ്ഞു; ആവശ്യകതയും ഉല്പാദനവും തമ്മിലുള്ള അന്തരം എത്രയാണ് എന്ന് അറിയിക്കാമോ? | (സി) | "**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**" നടപ്പിലാക്കിയതിലൂടെ ഓണക്കാലത്ത് 24000.85 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും, 3.73 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. ഇതിൽ 16.01 ലക്ഷം ടൺ ആണ് ആകെ 2021-22 വർഷത്തിൽ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ആവശ്യകതയുടെ 80.05 % ആണ് ഉല്പാദിപ്പിക്കുന്നത്. ഇതിന്റെ 20 മുതൽ 25 ശതമാനം വരെ ഓണക്കാലത്ത് ഉപയോഗിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഓണക്കാലത്ത് സംസ്ഥാനത്ത് ശരാശരി 5 ലക്ഷം ടൺ പച്ചക്കറിയാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം കഴിഞ്ഞ് 1.27 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾക്ക് വേണ്ടിയാണ് ഇതര സംസ്ഥാനങ്ങളെ അശ്രയിക്കേണ്ടി വന്നത്. |

സെക്ഷൻ ഓഫീസർ